بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 27/02/15
## (07 JAMADUL AWWAL 1436 Hijiri)
## Hazrat Khalifathullah Munir Ahmad Azim (A)

## AL-QISAS -THE LEGAL RETRIBUTION / നിയമപരമായ പ്രതികാര നടപടി

സലാമിനും തശഹ്ഹുദ്, തഅവ്വദ്, സൂറ: അൽഫാത്തിഹായ്ക്ക് ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) പറഞ്ഞു.

അത്യുദാത്തമായ വെളിപാട് ! അതേ ! ദൈവീക വെളിപാടുകളുടെ പാരമ്യതയിൽ നിന്നുകൊണ്ട് വിശുദ്ധ ഖുർ ആൻ സംസാരിക്കുന്നു. അതായത് മനുഷ്യന്റെ ഏറ്റവും ദയനീയമായ അവസ്ഥയിൽ നിന്നും ; ഏറ്റവും പരിതാപകരമായ അവസ്ഥയിൽ നിന്നും അവനെ വളർത്തി വലുതാക്കി ഒരു സാമൂഹ്യജീവിയായി ഉയർത്തി ; ആഴത്തിൽ ചിന്തിക്കുവാനുള്ള ശക്തി പകർന്ന്, അവനിലുള്ള കഴിവിനെ പ്രോജ്ജ്വലിപ്പിച്ച്, ആത്മീയതയിലേക്ക് ഉയർത്തി തദ്വാര അല്ലാഹുവിലേക്ക് എത്തിക്കുവാനുള്ള അത്ഭുതപരമായ കഴിവ് അതിനുണ്ട്.

മാനവനെ സൃഷ്ടിച്ചവനായ അല്ലാഹുവിനല്ലാതെ മറ്റാർക്കും തന്നെ മനുഷ്യാത്മാവിന്റെ ആഴങ്ങളുടെ രഹസ്യം മനസ്സിലാക്കാവതല്ല. അതേ നിശ്ചയം ! പ്രപഞ്ചരക്ഷിതാവായ അല്ലാഹു മാത്രമാണ് മനുഷ്യ പ്രകൃതിയെക്കുറിച്ച് ഏറ്റവും നന്നായി അറിയുന്നവൻ. അവന്റെ പെരുമാറ്റവും, അവന്റെ പ്രതികരണവും, ഭൂമിയിൽ ജീവിച്ചിരിക്കുംകാലം അവൻ എന്തു ചെയ്യും എന്നുള്ള കാര്യവും അവൻ അറിയുന്നു.

ആയതിനാൽ നാം ശാന്തതയോടെയും സമാധാനത്തോടെയും കഴിയണം. അതിനായി അവൻ നിയമങ്ങൾ നിർമ്മിച്ചു തന്നിട്ടുണ്ട്. ഈ നിയമങ്ങളിൽ പെടുന്നതാണ് പ്രതികാര നടപടികൾക്കുള്ള നിയമവും - നിയമപരമായ തിരിച്ചടി - ഇത് സംബന്ധമായി വിശുദ്ധ ഖുർ ആനിൽ അല്ലാഹു (ത) പറയുന്നു **“ ജീവന് പകരം ജീവൻ, കണ്ണിന് പകരം കണ്ണ്, മൂക്കിന് പകരം മൂക്ക്, ചെവിക്ക് പകരം ചെവി, പല്ലിന് പകരം പല്ല് (ഇപ്രകാരം തന്നെ) പരിക്കുകൾക്ക് പകരം തത്തുല്യമായ പ്രതിക്രിയയും എന്ന് നാം അതിൽ അവർക്ക് വിധിച്ചിട്ടുണ്ടായിരുന്നു. ആരെങ്കിലും ഈ പ്രതി ക്രിയയ്ക്ക് മാപ്പ് ചെയ്തുകൊടുക്കുന്നതായാൽ അത് അവന്, (തന്റെ തെറ്റുകൾക്കുള്ള) പ്രായശ്ചിത്തമായിരിക്കും. അല്ലാഹു ഇറക്കിയതുകൊണ്ട് ആര് വിധി കൽപ്പിക്കുന്നില്ലയോ അവർ തന്നെയാണ് അക്രമികൾ”** (5:46)

ഈ നിയമനിർമ്മാണത്തിലൂടെ, മനുഷ്യർക്ക് അനേകം പ്രയോജനങ്ങളും സമ്പൂർണ്ണമായ നീതിയും ലഭ്യമായിരിക്കുന്നുവെന്ന് മനസ്സിലാക്കേണ്ടതാണ്. പൊതുവിൽ നിയമലംഘനങ്ങളെ ഇസ്‌ലാം നിരോധിക്കുന്നു. വിശിഷ്യാ മനുഷ്യ ശരീരത്തിന്മേലുള്ള നിയമലംഘനങ്ങളെ !

അബൂഹുറൈറ (റ) റിപ്പോർട്ട് ചെയ്യുന്നു. പ്രവാചകൻ (സ) പറഞ്ഞു. **“തന്റെ മുസ്‌ലീം സഹോദരന്റെ അഭിമാനം അവന്റെ ധനം, അവന്റെ രക്തം, ഇവ മറ്റൊരു മുസ്‌ലീമിന് നിഷിദ്ധമാണ്.”** ഈ മൂന്നു കാര്യങ്ങൾ ഒരു വിശ്വാസിക്ക് പരിപാവനമായതാണ് എന്ന് ഈ വചനത്തിൽ നിന്നും വ്യക്തമാകുന്നു. നിയമവിരുദ്ധമായി ഒരാൾക്കും ഇക്കാര്യത്തിൽ ഒന്നും ചെയ്യുവാൻ അവകാശമില്ല. നിശ്ചയം ! സാത്താനിൽ നിന്നുള്ളതും, വെറുപ്പുളവാക്കുന്നതുമായ പ്രവൃത്തിയാണ് മനുഷ്യാത്മാവിന്റെ മേലുള്ള കയ്യേറ്റം. കൊലയാളി അല്ലാഹുവിന്റെ ശത്രുവായി തീരുന്നു ! കാരണം അവനാണ് മനുഷ്യവർഗ്ഗത്തിന് ജീവൻ നൽകിയിരിക്കുന്നത് ; അതുപോലെ ആ ജീവൻ അവൻ ഉദ്ദേശിക്കുന്നതുപോലെ അവൻ ഉദ്ദേശിക്കുമ്പോൾ തിരിച്ചെടുക്കുവാനുള്ള അവകാശവും അവനുമാത്രമുള്ളതാണ്. എന്നാൽ മനുഷ്യൻ തന്റെ സ്രഷ്ടാവിന്റെ കല്പനകൾ അനുസരിക്കാതെ വരുമ്പോൾ ; അവൻ തന്റെ ദേഹേച്ഛയ്ക്കനുസൃതമായി പെരുമാറുമ്പോൾ, അവന്റെ ദുരിതവും നാശവും നിശ്ചയമായും അവൻ മുൻകൂട്ടി കാണേണ്ടതു തന്നെയാണ്. വിശുദ്ധ ഖുർ ആനിൽ അല്ലാഹു (ത) പറയുന്നു **“ ഇക്കാരണത്താൽ ബനൂ ഇസ്രായീല്യരോട് നാം കല്പിച്ചു. ആരെങ്കിലും മറ്റൊരാളെ വധിക്കുകയോ, നാട്ടിൽ കുഴപ്പമുണ്ടാക്കുകയോ ചെയ്യാത്ത നിലയിൽ (നിരപരാധിയായ) ഒരാളെ വധിച്ചാൽ അയാൾ മനുഷ്യരെ മുഴുവൻ വധിച്ചതുപോലെയാകുന്നു. ഇനിയാരെങ്കിലും ഒരാളുടെ ജീവനെ രക്ഷിച്ചാൽ അയാൾ മനുഷ്യരെ മുഴുവൻ രക്ഷിച്ചതുപോലെയാകുന്നു. തീർച്ചയായും നമ്മുടെ ദൂതൻമാർ വ്യക്തമായ ദൃഷ്ടാന്തങ്ങളുമായി അവരുടെ അടുക്കൽ ചെന്നിട്ടുണ്ട്. എന്നിട്ട്, അതിനുശേഷവും അവരിൽ അധികം പേരും നാട്ടിൽ അമിതത്വം പ്രവർത്തിക്കുന്നവർ തന്നെയാണ്.”** (5:33)

**“ഒരാത്മാവിനെ രക്ഷിച്ചാൽ അത് മാനവകുലത്തെ ആകമാനം രക്ഷിച്ചതുപോലെയാണ്”** എന്ന ഈ ആപ്തവാക്യത്തെക്കുറിച്ച് ഓരോ മനുഷ്യനും ആഴത്തിൽ ചിന്തിച്ചാൽ, ഭൂമിയിൽ ഒരുപാട് മാറ്റങ്ങളും അനുഗ്രഹങ്ങളും കൊണ്ടുവരുവാൻ സാധിക്കുന്നതാണ്. മറിച്ച്, അവൻ അക്രമം ചെയ്യുവാൻ, നിയമലംഘനം നടത്തുവാൻ ശ്രമിച്ചാൽ അവനെ കാത്തിരിക്കുന്നത് വളരെ വലിയ ശിക്ഷയായിരിക്കും. ഇനി ആരെങ്കിലും, ഒരു സത്യവിശ്വാസിയെ മനപൂർവ്വം വധിക്കുന്നതായാൽ അവനുള്ള ശിക്ഷ നരകമാണ്. അവൻ അതിൽ ദീർഘകാലം വസിക്കുന്നതാകുന്നു. അല്ലാഹു അവന്റെ

നേരെ കോപിക്കുകയും അവനെ ശപിക്കുകയും ചെയ്യുന്നതാണ്. (അല്ലാഹു) അവന് വലിയ ശിക്ഷ ഒരുക്കി വച്ചിട്ടുണ്ടുമുണ്ട്. (4:94)

നിയമപരമായ പ്രതികാര നടപടികൾ പ്രാവർത്തികമാക്കുന്നതിലൂടെ, ഒരു വ്യവസ്ഥാപിതമായ സമൂഹവും, അതിൽ സമാധാനം നിലനിൽക്കുന്ന അവസ്ഥയുമുണ്ടായിതീരുന്നതാണ്.ഒരു കൊലയാളിക്കെതിരെയുള്ള വിധിക്കായി മറ്റുള്ളവർ തെളിവ് നൽകുമ്പോൾ, അവർക്ക് അവനെ അനുകരിക്കുവാനുള്ള ധൈര്യം ഉണ്ടാവുകയില്ല. അതുപോലെ അവൻ ചെയ്തതുപോലുള്ള തെറ്റ് ചെയ്യുവാൻ അവർ ധൈര്യപ്പെടുകയുമില്ല. കാരണം അങ്ങനെ ചെയ്താൽ അവരും ആ കൊലയാളി അനുഭവിക്കുന്നതുപോലെ അനുഭവിക്കേണ്ടി വരും എന്നത് അവരെ ഓർമ്മപ്പെടുത്തുന്നുണ്ടാവും. പ്രതികാര നടപടികളെക്കുറിച്ചുള്ള വചനങ്ങളിലൂടെ മഹത്തായ ലക്ഷ്യമാണ് അല്ലാഹു (ത) ലോകത്തിന് സമ്മാനിക്കുന്നത്. **“ബുദ്ധിമാന്മാരെ ! (തുല്യമായ) പ്രതിക്രിയാ നിയമത്തിൽ നിങ്ങൾക്ക് ജീവിതം ഉണ്ട് (ഇതാകട്ടെ) നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടിയാകുന്നു”** (2:180)

മാനവ ജീവിതങ്ങളെ രക്ഷിക്കുകയും, ഭദ്രമായി സൂക്ഷിക്കുകയും ചെയ്യുന്നതിനോടൊപ്പം, ജഡ്ജിമാരിൽ വച്ച് ഏറ്റവും വലിയ ബുദ്ധിമാനായ അല്ലാഹു (ത), മനുഷ്യ വർഗ്ഗത്തിന്റെ പ്രകൃതിയേയും കണക്കിലെടുക്കുന്നു. തീർച്ചയായും, മനുഷ്യൻ, തന്റെ കുടുംബത്തിലെ ഒരാൾ ആക്രമിക്കപ്പെട്ടാൽ, അതിന് പ്രതികാരം ചെയ്യുവാൻ അവന് വാഞ്ജയുണ്ടാകുന്നു. അവൻ മരണപ്പെട്ടാൽ, പെട്ടെന്നുള്ള ഈ നഷ്ടത്തിൽ അവന്റെ കുടുംബം ദുരിതത്തിന് അടിമപ്പെടുന്നു. അവൻ എല്ലാവരിലും നിന്നും അകന്നിരിക്കുന്നു; ആയതിനാൽ അവരെല്ലാപേരും ദുഃഖത്തിലകപ്പെടുന്നു. നിയമപരമായ പ്രതികാര നടപടികൾ ഉണ്ടാകുമ്പോൾ അവർക്ക് ആശ്വാസമുണ്ടാകുന്നു. കാരണം നീതി നിർവ്വഹണം നടത്തപ്പെട്ടിരിക്കുന്നു.

മനുഷ്യ ജീവന്റെ ഭദ്രതയ്ക്കും ആദരവിനും പ്രാമുഖ്യം കൊടുക്കുന്ന ഒരേയൊരു മതം ഇസ്ലാം മാത്രമാണ്. അത്യുദാത്തമായ നിയമനിർമ്മാതാവായി, അനന്തമായി അല്ലാഹു നിലനിൽക്കുന്നു. അവന്റെ നിയമങ്ങൾ സമ്പൂർണ്ണവും, ശരിയായതുമാണ്. അവൻ എത്ര വലിയ മഹത്വമുടയവൻ ! എത്ര വലിയ ഉടമസ്ഥൻ ! മനുഷ്യനെ സംബന്ധിച്ചിടത്തോളം ഈ കർത്തവ്യ നിർവ്വഹണത്തിൽ അവൻ വളരെ ദുർബലനാണ് ! ഓരോ വ്യക്തിയും ബോധവാനാകേണ്ടതാണ്. എന്തു തന്നെയായാലും ദൈവത്തിന്റെ നിയമം പ്രാബല്യത്തിൽ കൊണ്ടുവരുവാൻ ! നിശ്ചയമായും മനുഷ്യനെ ദുർബ്ബലമായ പ്രകൃതിയിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ദൈവം അവന്റെ കല്പനകൾ, അവരെ ഉണർത്തുവാനായി കാലാകാലങ്ങളിൽ ദൈവദൂതന്മാരെ അയച്ചുകൊണ്ടേയിരിക്കുന്നു ; വിശിഷ്യാ ഇസ്ലാമിന്റെ ആവിർഭാവ കാലംമുതൽ.

ഇസ്ലാം ഏറ്റവും സംശുദ്ധമായ മതം ! ദൈവകല്പനകളിലൂടെ, ധാർമ്മിക അതിർ വരമ്പുകൾ കടന്നുപോകാതിരിക്കുവാനുള്ള കഴിവ് അതിനുണ്ട്. സമ്പൂർണ്ണ ഗ്രന്ഥമായ വിശുദ്ധ ഖുർ ആന്റെ മഹത്വമാണത്.

വിധിനാൾ വരേക്കും നിലനിൽക്കുന്ന അത്തരം വചനങ്ങൾ അല്ലാഹു (ത) വെളിപാടുകളിലൂടെ നൽകിയിരിക്കുന്നു. അങ്ങനെ എല്ലാ നിയമങ്ങളെയും കല്പനകളെയും ഖുർ ആനിലൂടെ അലങ്കൃതമാക്കിയിരിക്കുന്നു. കാലം നിലനിൽക്കുന്നിടത്തോളം നിലനിൽക്കുന്നതുമാണ്. ദൗർഭാഗ്യവശാൽ, ഈ കല്പനകളെ എല്ലാ മനുഷ്യരും പരിഗണിക്കുന്നുന്നില്ല. ബുദ്ധിമാൻമാർ മാത്രം ഇതിന്റെ മഹത്വം അറിയുന്നു. അവർ അല്ലാഹുവിന്റെ നിയമങ്ങളെ ആദരിക്കുന്നു. മനോജ്ഞമായ നിലയിൽ !

അല്ലാഹുവിന്റെ കല്പനകൾക്ക് ശിരസ്സ് കുനിക്കുവാൻ അല്ലാഹു നമ്മെ പ്രാപ്തമാക്കട്ടെ ! അവൻ പരിപാവനമാക്കിയ ജീവിതത്തെ ഭദ്രമായി സൂക്ഷിക്കുവാൻ കഴിയുമാറാകട്ടെ. നമ്മെ പോലെ തന്നെ നമ്മുടെ മനുഷ്യ സഹോദരങ്ങളെ നാം ആദരിക്കുന്നു. അല്ലാഹു (ത)യ്ക്കു വേണ്ടിയും അവന്റെ സ്നേഹത്തിനുവേണ്ടിയും ! ഇൻശാ അല്ലാഹ് ആമീൻ !.


**Translated & Issued By**

**R. Jamaludin Raother**

**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone

*Ph: 9447001832 / 0475 2220223*

*email : jamal.raother@gmail.com*

*www.jamaat-Ul-Sahih-Al-Islam.com*


*****************